AKSHARASURYA
E-ISSN: 2583-620X
Peer-Reviewed, Multi Lingual E-Journal
Volume – 02, Issue – 03, March 2023.

# ദളിത് സ്വത്വവും പ്രതിനിധാനവും: "കരി" സിനിമയുടെ സാംസ്കാരിക വായന

Vishnu. P. S.
Research Scholar
Department of Malayalam
Central University of Kerala.

വ്യക്തിത്വം, മമത, തനതുസത്ത, ഉടമസ്ഥാവകാശം, ഐഡന്റിറ്റി എന്ന അർത്ഥങ്ങളിൽ പ്രയോഗിക്കുന്ന സ്വത്വം എന്ന പദം ദളിത് ജീവിതങ്ങളെ അപേക്ഷിച്ച് അവരിൽനിന്ന് സ്വയം രൂപംകൊള്ളുന്ന ഒന്ന് മാത്രമല്ല, മറിച്ച് കാലവും ചരിത്രവും അധികാരവും സമൂഹവും ചെലുത്തിയ സ്വാധീനത്തിലൂടെ കൈവരിക്കുന്നത് കൂടിയാണ്.

ചിതറിയ, മുറിഞ്ഞ എന്നർത്ഥം വരുന്ന 'ദൽ' എന്നാൽ സംസ്കൃതപദത്തിൽ നിന്നാണ് ദളിത് എന്ന പദം രൂപം കൊത്. പൊതുസമൂഹത്തിൽ നിന്ന് അടിച്ചമർത്തപ്പെട്ടവരാണ്, ദലനം ചെയ്യപ്പെട്ടവരാണ് ദളിത് വിഭാഗങ്ങൾ. ജ്യോതി റാവു ഫൂലെയാണ് ദളിത് എന്ന പദം ആദ്യമായി ഉപയോഗിച്ചിട്ടുങ്കിലും അംബേദ്കറിസത്തിലൂടെയാണ് ദളിത് വാദം ശക്തിയാർജിക്കുന്നത്. ദളിത് പാന്തർ പ്രസ്ഥാനവും ഇതിനു വഴിയൊരുക്കിയിട്ട്.

ആദ്യ ഘട്ടത്തിൽ സംസ്കാരം എന്നത് സവർണ്ണന്റേത് മാത്രമായിരുന്നു. സംസ്കാരമുള്ളത് സംസ്കരാമില്ലാത്തത്, സംസ്കൃതം- പ്രാകൃതം എന്നീ വേർതിരിവുകൾ തന്ന ധ്രുവീകരണത്തിന് ഉദാഹരണമാണ്. മാർക്സിസത്തിലെത്തുമ്പോൾ അത് അടിത്തറ- മേൽക്കുര വിഭജനത്തിന്റെ ഭാഗമാകുന്നു. ആധുനികതയിൽ ഈ വിഭജനങ്ങൾ പുരോഗമിക്കാത്തത് എന്നായിത്തീർന്നു.

ചലച്ചിത്ര പഠനങ്ങളുടെയും ചലച്ചിത്ര നിരൂപണങ്ങളുടെയും അവസ്ഥ അവർണ്ണന്റെ ചരിത്രത്തിന് തുല്ല്യമായിരുന്നു. ആൾക്കൂട്ട കലയായ സിനിമ താഴ്ന്ന കലയായി കലാസാഹിത്യലോകം കു. ചലച്ചിത്ര സംബന്ധിയായ ലേഖനങ്ങളും മറ്റും പ്രസിദ്ധീകരിക്കുന്നത് മൂല്ല്യച്യുതിയായി അക്കാലത്തെ പത്രാധിപനും ഉടമസ്ഥരും കരുതി. 1950 കൾക്ക് ശേഷം ഈ രീതിക്ക് മാറ്റം സംഭവിച്ച് കവിതയോടൊപ്പം സിനിമകളും ചർച്ചകളിൽ തുല്ല്യത നേടി. എങ്കിലും നിരൂപകരിൽ പലവും മലയാളസിനിമയെ സാങ്കേതികമായി ഒരുപാട് പുരോഗമിച്ച് പാശ്ചാത്യ കലകൾ അറിഞ്ഞിരിക്കണമെന്ന് മിഥ്യാധാരണ പരത്തുകയും ചെയ്തു. തനതിനെ അംഗീകരിക്കുവാനും പ്രശംസിക്കുവാനും നിരൂപകർ മടി കാണിച്ചു. അവർണ്ണർ പല ജാതികളും ദളിതരാണെന്ന് അംഗീകരിക്കുന്നില്ല എന്നതുകൊ് തന്നെ ഈ വിമുഖതയ്ക്ക് ദളിത് ചരിത്രത്തോളം പഴക്കമു് എന്നു പറയാം.

ജാതി പ്രധാന വിഷയമായി വരുന്ന കുറച്ചു സിനിമകളെ മലയാളത്തിൽ ഉായിട്ടുള്ളൂ. നീലക്കുയിൽ, പൊന്തൻമാട, വിധേയൻ, കരി, ഒഴിവുദിവസത്തെ കളി, കള, ഫ്രീഡം അറ്റ് മിഡ്നൈറ്റ്, പുഴു, തുടങ്ങിയവ ഉദാഹരണമാണ് പരിയേറും പെരുമാൾ, ജയ്ഹിം, കർണ്ണൻ തുടങ്ങിയ തമിഴ് സിനിമകളും ഇതിനോട് ചേർത്തുവെച്ച് പറയാവുന്നതാണ്.

നരാണിപ്പുഴ ഷാനവാസ് കഥയും സംവിധാനവും നിർവഹിച്ച് 2015 ൽ filimcoco.com എന്ന പ്ലാറ്റ്ഫോമിലൂടെ റിലീസ് ചെയ്ത സിനിമയായിരുന്നു കരി. വടക്കൻ മലബാറിന്റെ ജീവിതരീതിവും സംസ്കാരവും പശ്ചാത്തലമാക്കിക്കൊ് സാങ്കേതികത്വത്തിന്റെ അതിപ്രസരമില്ലാതെ ആക്ഷേപഹാസ്യത്തിലൂടെ ജാതി രാഷ്ട്രീയം ഇപ്പോഴും കേരളത്തിൽ ശക്തമാണ് എന്ന് കാണിച്ച സിനിമയായിരുന്നു. ഇത്. കരിങ്കാളിക്കെട്ട് എന്ന അനുഷ്ഠാനകലയുടെ പശ്ചാത്തലത്തിലാണ് ദളിത് സ്വത്താവിഷ്കാരവും വിമർശനവും അവതരിപ്പിക്കുന്നത്. ബാഴ്സിലോണ, ലോസ് എയ്ഞ്ചലസ് തുടങ്ങിയ അന്താരാഷ്ട്ര ഫിലീം ഫെസ്റ്റിവലുകളിൽ കരി പ്രദർശിപ്പിച്ചിട്ട്.

ജാതി, മതം, വർഗ്ഗം, ഗോത്രം, ദേശം തുടങ്ങിയ സാമൂഹ്യ തലങ്ങളിലൂടെ ഭിന്നിപ്പിന്റെ രാഷ്ട്രീയം ചർച്ച ചെയ്യുന്ന കരി സമാന്തര സിനിമാസ്വാദകർക്കിടയിൽ പോലും വേ രീതിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ല.

ദിനേശൻ എന്ന ജോലിക്കാരന്റെ വീട് സന്ദർശിക്കുവാൻ ഇറങ്ങുന്ന ഗോപു കേശവമേനോനിലൂടെയും സഹായി ബിലാലിലൂടെയുമാണ് കഥ ആരംഭിക്കുന്നത്. വഴിപാടിനുള്ള പണം നൽകാനാണ് അവർ ദിനേശന്റെ വീട്ടിലേക്ക് പോകുന്നത്. കരിങ്കാളികെട്ടാണ് ആ വഴിപാട്. കരിങ്കാളി കെട്ടാൻ വരുന്ന ആൾ അവരുടെ കാർ തട്ടി അപകടം പറ്റുകയും മറ്റൊരാളെ വഴിപാടിനായി അന്വേഷിച്ചിറങ്ങുകയും ചെയ്യുന്നു. അയ്യപ്പൻ എന്ന ഹരിദാസ് കരിങ്കാളി കെട്ടുന്നതും തുടർന്നുാകുന്ന തമാശ നിറഞ്ഞ കഥാപരിസരവുമാണ് കരിയുടെ കഥാസംഗ്രഹം.

'ജാതിവിത്തുകൾ വിൽപ്പനയ്ക്ക്' എന്ന പോസ്റ്ററിലൂടെ സിനിമ രാഷ്ട്രീയം ചർച്ച ചെയ്തു തുടങ്ങുന്നു. ദിനേശന്റെ വീട്ടിലേക്കുള്ള യാത്രാമധ്യേ ബിലാലിന് ഒരു ഫോൺ വരുന്നു. ജാതകദോഷമുള്ള സുഹൃത്തിന് പെണ്ണുകാണാൻ ഓട്ടം പോകുന്ന കാര്യമാണ് ചർച്ച. ബിലാലിന്റെ അടുത്തിരിക്കുന്ന ഗോപുകേശവ് പറയുന്നു: ജാതകദോഷമുള്ളവർക്ക് വി ഓടിക്കാൻ കൊടുക്കരുത്.

ബിലാൽ: ഓടിക്കാൻ തന്നെയല്ലേ വി അതിന് ജാതിയും ജാതകവും നോക്കണോ?

ഗോപുകേശവ്: ചില ജാതി നോക്കണം.

നാം പ്രബുദ്ധരാണ്, ആധുനികനാണ് എന്നു പറയുമ്പോൾ പോലും ഉള്ളിന്റെയുള്ളിൽ നിന്നും തലപൊക്കുന്ന ജാതീയതയും ദളിത് വിരുദ്ധതയുമാണ് ഗോപുകേശവ് എന്ന കഥാപാത്രത്തിലൂടെ അവതരിപ്പിക്കുന്നത്. അതേസമയം ദിനേശന്റെ വീട്ടിൽ അച്ഛനും അമ്മയും തമ്മിലുള്ള സംഭാഷണം ഇങ്ങനെയാണ്.

അമ്മ അച്ഛനോട്: മേനോനാണത്രേ ഇത്തിരി ബഹുമാനത്തിലൊക്കെ നിൽക്കണം. പൂരം കഴിഞ്ഞിട്ടു പോയാൽ മത

ീന്ന് പറയണം. നിക്കുന്നില്ല.

അച്ഛൻ: നിന്നാലോ?

അമ്മ: അയാളീ കോലായിലേക്കെന്നെ കയറില്ല.

അമ്മയുടെ വാക്കുകളിലൂടെ പ്രകടമാകുന്നത് അവർണ്ണന്റെ ചരിത്രബോധവും യാഥാർത്ഥ്യബോധവുമാണെന്ന് തോന്നിപ്പിക്കുന്നുങ്കിലും അച്ഛനും ഗോപുകേശവും തമ്മിലുള്ള സംഭാഷണത്തിലൂടെ അമ്മയുടെ ആ പറച്ചിലിൽ ഒള ിഞ്ഞിരിക്കുന്നത് കുറ്റബോധമാണെന്ന് വ്യക്തമാകുന്നു. ദിനേശന്റെ അച്ഛൻ കല്യാണം കഴിച്ച സംഭവം ഇപ്രകാരം പറയുന്നു.

അച്ഛൻ: കറുത്തോ് ഞങ്ങളുടെ കൂട്ടരാണ് വിചാരിച്ചു. പിന്നെയാ നിങ്ങടെ കൂട്ടരാണെന്ന് മനസ്സിലായത്. നായരാണ്.

ഗോപുകേശവ് : ഞാൻ മേനോനാ

അച്ഛൻ: നമ്മൾ എസ്സ്. സിയാണ്. നമ്മുടെ മേലെയും താഴെയുമായി ഒരുപാട് ജാതികള്ള്. പെണ്ണ് കെട്ടാൻ ആവുമ്പോഴാ ആളുകൾക്ക് ഇതെല്ലാം ഓർമ്മവരുന്നത്.

തന്റെ മകൾ സിന്ധു സോമൻ എഴുത്തച്ഛനെ കല്ല്യാണം കഴിച്ചതിനു ശേഷം വീട്ടിലേക്ക് വരാറില്ലെന്നും കു റച്ചിലാണെന്നും കരുതുന്നു എന്നതിലൂടെ തന്റെ സ്വത്വത്തെ അംഗീകരിക്കാതെ കറുപ്പിന്റെ സൗന്ദര്യശാസ്ത്രമാണ് തന്റേതെന്ന് വിശ്വസിക്കുന്ന സവർണ്ണനു മുന്നിൽ ഒരു വിധേയനെ പോലെ സംസാരിക്കുന്നത് ദളിത് വ്യക്തിത്വങ്ങളെ വിമർശനാത്മകമായി സംവിധായകൻ അവതരിപ്പിക്കുന്നു.

അമ്മയുടെ കുറ്റബോധത്തിന് ആക്കം കൂട്ടുന്ന രംഗം കൂടിയ്.

അമ്മ ഗോപുകേശവിനോട്: ദിനേശൻ തടിച്ചോ? തടിച്ചില്ലേലും സാരമില്ല വെളുത്താൽ മതി. കുബ്ബൂസ് തിന്നാൽ വെള ുക്കുമോ.?

ബിലാൽ: കറുപ്പിന് ഏഴഴകല്ലേ.

അമ്മ: അതീ വെളുത്തവർ വെറുതേ പറയുന്നതാ.

നിറത്തേയും വൃത്തിയെയുംപറ്റി നമുക്കുള്ള ധാരണകൾ അധീശശക്തികളുടെ അടിച്ചേൽപ്പിക്കലുകളുടെ ഭാഗമാണ്. ആര്യൻമാരിൽ നിന്നും ആരംഭിച്ച് വൈദേശിക ആധിപത്യത്തിന്റെ തുടർച്ചയായി സൃഷ്ടിക്കപ്പെട്ടതാണ് ഈ സൗന്ദര്യബോധം. ആ ചിന്തകളെ അവർണ്ണനും ഇന്ന് മുറുകെ പിടിക്കുന്നുവെന്ന വൈരുദ്ധ്യം വിമർശനാത്മകമായി സിനിമ ചർച്ച ചെയ്യുന്നു. 'വെളുത്തിട്ട് പാറ്' എന്നതുപോലുള്ള സൗന്ദര്യവർദ്ധക ക്രീമുകളുടെ പരസ്യ വാചകങ്ങൾ സാധാരണക്കാരന്റെ ആത്മവ ിശ്വാസത്തെയും സ്വത്വത്തെയും എത്രത്തോളം ചോദ്യം ചെയ്യുന്നുവെന്നതിന് ഉദാഹരണമാണ്.

സംവരണത്തെപറ്റിയാണ് കരി പിന്നീട് ചർച്ച ചെയ്യുന്നത്.

ഗോപുകേശവ് ബിലാലിനോട്: ഇവർക്ക് രു രൂപയ്ക്ക് ഇമി, തോറ്റാലും ജോലി, നമ്മളൊക്കെ ഊപ്പാടെടുത്ത് പ ഠിച്ചാലെ എവിടെയെങ്കിലും എത്താനാവൂ. എന്ന് സംഭാഷണം.

നമുക്കറിയാം സംവരണം സാമൂഹികസമതയുടെ ഭാഗമാണ്. ഒരുകാലത്ത് ഒരു വിഭാഗം അനുഭവിച്ച കഷ്ടപ ാടുകൾക്കുള്ള പരിഹാരമാണത്. സംവരണത്തെപറ്റിയുള്ള പൊതു ബോധത്തെയാണ് സംവിധായകൻ പരിഹാസ രൂപേണ അവതരിപ്പിക്കുന്നത്.

സിനിമയിലെ ഏറ്റവും പ്രധാന കഥാപാത്രം കരിങ്കാളിയാണ്. വടക്കൻമലബാറിലെ ഒരു അനുഷ്ഠാന കലയാണ് കര ിങ്കാളി. അടിച്ചമർത്തപ്പെട്ട അധ:സ്ഥിതന്റെ ആത്മപ്രകാശനത്തിനുള്ള ഉപാധിയാണ് ഓരോ തെയ്യക്കോലവും. ജാതി ചിന്തയ ുടെയും അവർണ്ണ ചരിത്രത്തിന്റെയും ഉപദാനങ്ങളായി തെയ്യതോറ്റങ്ങളെ പരിഗണിക്കാം.

കരിങ്കാളിയെ അന്വേഷിച്ച് അമ്പലത്തിലെത്തുന്ന ഗോപുകേശവും കമ്മറ്റിക്കാരനും തമ്മിലുള്ള സംഭാഷണം ഇങ്ങനെ: ചുറ്റമ്പലത്തിനു പുറത്താണ് കരിങ്കാളി നിൽക്കേത്. അതാണ് ഉത്തമവും അധമവും തമ്മിലുള്ള വ്യത്യാസം.

ദൈവങ്ങൾക്കുപോലും തീൽ നിശ്ചയിച്ച് ന്യായീകരിക്കുന്ന സമൂഹമാണ് ചുറ്റും. കറുപ്പ് പലപ്പോഴും അവർണ്ണനെ മാത്രമല്ല സവർണ്ണന്റെ ദൈവത്തെയും മാറ്റിനിർത്താനുള്ള സവർണ്ണ ആയുധമായി വർത്തിക്കുന്നു. ഫീസ് വാങ്ങി അമ്പലത്തിൽ പാർക്കിങ് സൗകര്യം ഒരുക്കുന്ന കമ്മറ്റിക്കാരൻ മാത്രമല്ല ആവശ്യം മനസ്സിലാക്കി അധികപണം വാങ്ങുന്ന കരിങ്കാളി കലാക ാരൻ അയ്യപ്പനും ഇന്നത്തെ സമൂഹത്തിന്റെ ഭാഗമാണ്. താൻ കലയ്ക്ക് വേി തെയ്യം കെട്ടാറില്ലന്നും പണത്തിനു വേി മാത്രമേ തെയ്യം കെട്ടാറുള്ളൂ എന്നും പറയുന്ന അയാളിൽ തന്റെ ചരിത്രത്തെ പണം സമ്പാദിക്കാനുള്ള വഴിയായി മാറ്റുന്ന പുതിയ പ്ര ത്യയശാസ്ത്രവും കാണാം.

നൂറ്റാുകൾക്കു മുമ്പ് തന്റെ ചുറ്റുപാടുകൾ അവതരിപ്പിച്ച കലയിൽ നിന്നും ലോകത്തിൽ നിന്നും പൂർണ്ണമായ മാറ്റം സവർണ്ണന് സാധ്യമായിട്ടില്ല. അവർ പലപ്പോഴും തങ്ങളുടെ ഭൂതകാലത്തെ ആവർത്തിക്കുകയാണ് ചെയ്യുന്നതെന്ന വിമർശനം സിനിമ ചർച്ച ചെയ്യുന്നു,

ഹോട്ടൽ മുറിയിൽ വെച്ച് ബിലാൽ പാലക്കാട്ടുകാരൻ റൂംബോയിയോട്: കൽപ്പാത്തിയിലാണോ താമസം?

റൂംബോയ്: അവരൊക്കെ ആഗ്രഹാരത്തിന്റെ അകത്തുള്ളവരല്ലെ. ഞാൻ ചെട്ടിയാരാണ്.

മറ്റൊരു അവസരത്തിൽ അയ്യപ്പൻ തന്റെ രഹസ്യ കാമുകിയോട് ജനാലയിലൂടെ സംസാരിക്കുന്നു: നീ എന്തിനാ ഇത്ര വെളുത്തത്. അതല്ലേ നമ്മളിങ്ങനെ അകത്തും പുറത്തുമായത്.

ഈ ര് രംഗങ്ങളിലും കറുപ്പിന്റെയും വെളുപ്പിന്റെയും രാഷ്ട്രീയത്തിന് പുറമേ ദലനം ചെയ്യപ്പെടുന്നതിന് ദൈവവും മനുഷ്യനും ഒരുപോലെ പാത്രമാകുന്നുവെന്ന വസ്തുതയും അവതരിപ്പിക്കുന്നു.

ഹോട്ടൽ മുറിയിൽ വച്ചുള്ള ടെലിവിഷൻ ശബ്ദരേഖയും അപ്രധാനമെന്നും കരുതി തള്ളികളയുവാൻ സാധ്യമല്ല. ജോൺബ്രിട്ടാസും, വെള്ളാപ്പള്ളി നടേശനും തമ്മിലുള്ള സംഭാഷണമാണ് ശബ്ദരേഖ. ചോദ്യത്തിന് മറുപടി എന്നോണം വെള്ളാപ്പള്ളി നടേശൻ പറയുന്നു: ജാതി ചോദിക്കാം ഇരുപത്തിയൊന്നാം നൂറ്റാിലും ജാതി എന്നത് തിരസ്കരിക്കുവാൻ സാധ്യമല്ലാത്ത ഒന്നാണ്. ജാതി സ്വത്വമായും സ്വത്വം ജാതിയായും ചുരുങ്ങിപോകുന്ന അവസ്ഥകളെ ''കരി'' പ്രേക്ഷകന് മുന്നിൽ അവതരിപ്പിക്കുന്നു. മറ്റൊരു ടെലിവിഷൻ ശബ്ദരേഖ സന്തോഷ് പണ്ഡിറ്റിന്റെ അഭിമുഖമാണ്. മുൻനിര സിനിമകള ിൽ നിന്നും മാറ്റി നിർത്തപ്പെട്ട, പലപ്പോഴും സിനിമയ്ക്കു പുറമേ സൗന്ദര്യത്തിന്റെ പേരിൽ പോലും പരിഹാസ്യനായ കലാക

ാരനാണ് സന്തോഷ് പണ്ഡിറ്റ് ആത്മപ്രകാശനത്തിനുള്ള വേദിയാണ് അയാൾക്ക് അയാളുടെ സിനിമ എന്നുള്ളത്.

അമ്പലത്തിൽ നിന്നും വരുന്ന സ്ത്രീകളോട് വഴിയിൽ നിന്നും മാറി നിൽക്കാൻ കയർക്കുന്ന പോലീസുകാരു് സിനമയിൽ. അതിനു മറുപടിയായി അവരൊരു നാടൻ പാട്ട് പാടുന്നു.

... 'പത്തെ കാലം കഴിഞ്ഞുള്ളവോ
മെക്കിട്ട് കേറി കളിക്കേ
നാറി പുളിപ്പിക്കും നാക്കു് വായിൽ
ഏലയ്യോ അലേലയ്യോ'..

എന്നുള്ള അതിന്റെ വരികളിലൂടെ അധ:സ്ഥിതൻ തന്റെ രോഷം പ്രകടിപ്പിക്കുന്നു. പുതിയ കാലത്ത് പഴയ ആവർത്തനങ്ങൾക്ക് അവസരമില്ലെന്നുള്ള അർത്ഥമതിനു്.

മറ്റൊരു രംഗത്തിൽ കരിങ്കാളിക്കെട്ട് കെട്ടിയ അയ്യപ്പനോട് ദേഷ്യം വരുന്ന ഗോപു കേശവിൽ പ്രകടമാകുന്നത് സവർണ്ണ ധാർഷ്ട്ര്യവും പച്ചയായ ദളിത് വിരുദ്ധതയും മാത്രമല്ല. പോലീസ് പിടിക്കുന്ന മറ്റൊരു രംഗത്തിൽ തന്റെ ലൈസൻസിൽ ഗോപുകേശവ് എന്നു മാത്രമേയുള്ളൂ, യഥാർത്ഥത്തിൽ ഗോപുകേശവ് മേനോൻ എന്നുകൂടിയുണ്ടെന്ന് പറയുമ്പോൾ പ്രത്യക്ഷപ്പെടുന്ന സ്വാജാത്യാഭിമാനം കൂടിയാണ്.

ഓരോരുത്തർക്കും ഓരോന്നാണ് ദൈവസങ്കൽപ്പം എന്ന ചിന്താഗതിയിൽ സിനിമ അവസാനിക്കുമ്പോൾ സാക്ഷര കേരളത്തെ ഭ്രാന്താലയം എന്ന് ഒരിക്കൽ കൂടി വിശേഷിപ്പിക്കുന്നു് കഥാപാത്രങ്ങളിലൂടെ സംവിധായകൻ. ഒരേസമയം അധികാരങ്ങളോട് വിധേയപ്പെടും കലഹിച്ചും നിൽക്കുക, ദളിത് ചരിത്രത്തെ മാറ്റമില്ലാതെ ആവർത്തിക്കുക, തുടങ്ങിയ വിവിധങ്ങളായ ദളിത് സ്വത്വാവിഷ്കാരവും പ്രതിനിധാനവുമാണ് കരിയിലൂടെ പ്രത്യക്ഷപ്പെടുന്നത്. വർണ്ണ പ്രതികാരത്തിന്റെ ഐതിഹ്യമാണ് കരിങ്കാളിയാട്ടത്തിനുള്ളത്. അവർണ്ണ വിഭാഗത്തിലുള്ളവർ ദൈവമായി വരുമ്പോൾ ജാതിയിലുയർന്നവർ തല താഴ്ത്തി നിൽക്കുന്നു. പക്ഷേ ദളിതന്റെ ചരിത്രത്തിൽ നിന്നും അവനും കരിയും അഭേദ്യമായ ഒന്നായി മാറുന്നു.

**References**


1. രാഘേഷ്. ആർ, 2011, ദളിത് വാദം, സാഹിത്യ ദർശനങ്ങൾ : സിദ്ധാന്തവും പ്രയോഗവും. വ്യാഴവട്ട സാഹിത്യക്കൂട്ടായ്മ, ഇന്ത്യ ബുക്സ് , തിരുവനന്തപുരം.
2. കവിയൂർ മുരളി, 2001, ദലിത് സാഹിത്യം, കറന്റ് ബുക്സ്, കോട്ടയം
3. കെ. കെ. കൊച്ച്, 2005., വായനയുടെ ദലിത് പാഠം. പൂർണ്ണ പബ്ലിക്കേഷൻ, തൃശ്ശൂർ
4. Icn: https//youtu.be/moQGSnStZnQ
5. https://navamalayali.com/2012/11/25/kari-malayalam-move-brinoj/
6. https//en.m.wikipedia.org/wiki/karie